21
നവംബർ 2018 ബുധൻ
1194 വൃശ്ചികം 05
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ശബരിമലയിൽ കർസേവ നടക്കില്ല : മുഖ്യമന്ത്രി

തിരുവനന്തപുരം: ശബരിമലപിടിച്ചെടുക്കാനുള്ള കർസേവകരായാണ് സംഘപരിവാറുകാർ എത്തിയതെന്നും ആ അജൻഡ അനുവദിക്കില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കർസേവകരെ എത്തിച്ച് വൻ ഗൂഢപദ്ധതിയാണ് സംഘപരിവാർ തയ്യാറാക്കിയത്. രാഷ്ട്രീയ താത്പര്യങ്ങൾക്കായി അയ്യപ്പഭക്തരെ ബലിയാടാക്കുകയും ഉപദ്രവിക്കുകയുമാണ്. പ്രശ്നങ്ങൾ സൃഷ്ടിക്കാനായി മാത്രം എത്തിയവരെയാണ് ശബരിമലയിൽ തടഞ്ഞത്. ക്ഷേത്രദർശനത്തിനെത്തിയ ഒരു ഭക്തനെയും തടഞ്ഞിട്ടില്ല. സംഘപരിവാറുകാരുടെ സമരം ഭക്തിയുടെ ഭാഗമല്ല. വിശ്വാസികൾക്ക് സംരക്ഷണം നൽകും. അക്രമികൾക്കും വിശ്വാസത്തെ രാഷ്ട്രീയാവശ്യത്തിന് ഉപയോഗിക്കുന്നവർക്കും എതിരെ വിട്ടുവീഴ്ചയുണ്ടാവില്ല. തടസമുണ്ടാക്കുന്നവരെ തടയാൻ ത

ന്നെയാണ് തീരുമാനം. കേന്ദ്രമന്ത്രിമാരും നേതാക്കളും ദർശനത്തിനെത്തിയാൽ സൗകര്യമൊരുക്കും. മറ്റ് ലക്ഷ്യമാണെങ്കിൽ ആ നിലയിൽ കാണേണ്ടിവരും.

ശബരിമലയിൽ നടപടി ശക്തമാക്കിയ ശേഷം ഭക്തരോമാദ്ധ്യമപ്രവർത്തകരോ ആക്രമിക്കപ്പെട്ടിട്ടില്ല. ചിത്തിര ആട്ടത്തിരുനാളിൽ ഇന്നുവരെയില്ലാത്ത അക്രമമാണുണ്ടായത്. സ്ത്രീകളെ സന്നിധാനത്ത് ആക്രമിക്കുന്ന നിലയുണ്ടായി. പേരക്കുട്ടിയുടെ ചോറൂണിന് വന്ന അമ്പത് തികഞ്ഞ സ്ത്രീയെ ആക്രമിച്ചു. ശബരിമലയിൽ കോൺഗ്രസും സംഘപരിവാറും ചങ്ങാതിമാരാണ്. വോട്ടിന് വേണ്ടി രാജ്യത്തെ വിൽക്കാനും ന്യൂനപക്ഷങ്ങൾക്ക് ആശങ്കയുണ്ടാക്കാനും കൂട്ടുനിൽക്കുന്ന കോൺഗ്രസിന്റെ തെറ്റായ നിലപാട് ആ പാർട്ടിയിലെ മതനിരപേക്ഷ വിശ്വാസികൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

യു.ഡി.എഫിന്റെ നിരോധനാജ്ഞ ലംഘനത്തെയും മുഖ്യമന്ത്രി കളിയാക്കി. അവർക്ക് അവിടത്തെ നിരോധനാജ്ഞയെക്കുറിച്ച് വിവരമില്ലായ്മയുണ്ട്. നാലാൾ കൂട്ടുന്നത് തടയുന്ന നിരോധനാജ്ഞ നിലവിലുണ്ടെന്നാണ് ധാരണ. അങ്ങനെയാണെങ്കിൽ ആർക്കെങ്കിലും പോകാനൊക്കുമോ? മറ്റ് ചില കാര്യങ്ങളിലാണ് അവിടെ നിരോധനാജ്ഞയെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിലയ്ക്കലിൽ വീണ്ടും സമരം തുടങ്ങും: ശ്രീധരൻ പിള്ള

കൊച്ചി: ശബരിമലവിഷയത്തിൽ നിലയ്ക്കലിൽ ബി.ജെ.പി സമരം വീണ്ടും ശക്തമാക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.എസ്. ശ്രീധരൻപിള്ള വാർത്താസമ്മേളനത്തിൽ പറഞ്ഞു. വിശ്വാസികളും ശബരിമല കർമ്മസമിതിയും സംഘടിപ്പിക്കുന്ന എല്ലാ സമരങ്ങൾക്കും ബി.ജെ.പി പിന്തുണ നൽകും. ശബരിമലയിൽ നിരോധനാജ്ഞ പിൻവലിക്കുക, പൊലീസ്‌രാജ് അവസാനിപ്പിക്കുക, ആരാധനാസ്വാതന്ത്ര്യം പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭം സംഘടിപ്പിക്കും.

25 മുതൽ 30 വരെ എൻ.ഡി.എ യുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം സംഘടിപ്പിച്ച് ശബരിമലയിലെ സർക്കാർ നടപടിക്കെതിരെ ഒരു കോടി ഒപ്പുശേഖരിച്ച് ഗവർണർക്ക് കൈമാറും. ഡിസംബർ അഞ്ചുമുതൽ പത്തുവരെ കേരളമൊട്ടാകെ ശബരിമല സംരക്ഷണ സദസുകൾ സംഘടിപ്പിക്കും.

ദേവസ്വം ബോർഡ് നൽകിയ സാവകാശ ഹർജി ജനങ്ങളെ കബളിപ്പിക്കാനാണ്. ബോർഡിന്റെയും സർക്കാരിന്റെയും നീക്കം ആശങ്കയോടെയാണ് ബി.ജെ.പി കാണുന്നത്.

ശബരിമലയിൽ കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന ഭരണഘടനാ ലംഘനമാണ്. കേന്ദ്ര ഇന്റലിജൻസ് നൽകുന്ന രഹസ്യവിവരങ്ങൾ മുഖ്യമന്ത്രി പരസ്യമാക്കുന്നത് ശരിയല്ല. ശബരിമലയിൽ ക്രമസമാധാനം ശ്രദ്ധിക്കണമെന്ന നിർദ്ദേശമാണ് ഇന്റലിജൻസ് നൽകിയതെന്നും ശ്രീധരൻപിള്ള പറഞ്ഞു.

വലിയ നടപന്തലിൽ വിരിവയ്ക്കുന്നതിന് ഭാഗിക ഇളവ്
- പേജ് 7

നിരോധനാജ്ഞ ലംഘിച്ച യു.ഡി.എഫ് നേതാക്കൾക്ക് എതിരെ കേസ്
- പേജ് 14

യു.ഡി.എഫ് നേതാക്കൾ നിരോധനാജ്ഞ ലംഘിച്ചു

പമ്പ: യു.ഡി.എഫ് നേതാക്കൾ ശബരിമലയിൽ നിരോധനാജ്ഞ ലംഘിച്ചു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഉമ്മൻചാണ്ടി, പി.ജെ. ജോസഫ്, എം.കെ. മുനീർ, എം.പിമാരായ എൻ.കെ. പ്രേമചന്ദ്രൻ, ആന്റോ ആന്റണി, നേതാക്കളായ ബെന്നി ബഹനാൻ, സി.പി. ജോൺ, ജോസഫ് എം. പുതുശേരി, ജോണി നെല്ലൂർ തുടങ്ങിയന്യരോളം നേതാക്കളാണ് നിലയ്ക്കലിലും പമ്പയിലും നിരോധനാജ്ഞ ലംഘിച്ചത്.

തീർത്ഥാടന ചരിത്രത്തിലാദ്യമായി നിലയ്ക്കലിലും പമ്പയിലും മുദ്രാവാക്യം വിളിയുമുണ്ടായി. 'യു.ഡി.എഫ് സിന്ദാബാദ്, കരിനിയമം പിൻവലിക്കുക, ഇതെന്തു ന്യായം ഇതെന്തു നീതി, പറയൂ പറയൂ പിണറായി...' എന്നീ മുദ്രാവാക്യം വിളികൾ ശരണം വിളിച്ച പോയ തീർത്ഥാടകർക്ക് പുതിയ അനുഭവമായി. പമ്പയിൽ തീർത്ഥാടകർ കർപ്പൂരം കത്തിച്ച് കയറുന്ന പ്രധാന പടിയിൽ കുത്തിയിരുന്ന് നൂറോളം യു.ഡി.എഫുകാർ സർക്കാരിനും മുഖ്യമന്ത്രിക്കുമെതിരെ പ്രതിഷേധിച്ചു. മലയിറങ്ങി തളർന്നു വന്ന തീർത്ഥാടകർ വിശ്രമിക്കാൻ ഇടമില്ലെന്ന് പരാതിപ്പെട്ടു. രമേശ് ചെന്നിത്തല ഇക്കാര്യം അവിടെയുണ്ടായിരുന്ന എസ്.പി ഹരിശങ്കറിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഉടനേ വേണ്ടതു ചെയ്യാമെന്ന് എസ്.പി പറഞ്ഞു. കുറേനേരം ശരണം വിളിച്ച് എല്ലാവരും മടങ്ങുകയും ചെയ്തു. രാവിലെ പത്തുമണിയോടെ നിലയ്ക്കലിൽ എത്തിയ യു.ഡി.എഫ് സംഘം റോഡിലിരുന്നാണ് നിരോധനാജ്ഞ ലംഘിച്ചത്. തുടക്കത്തിൽ നിലയ്ക്കലിൽ നിന്ന് പിന്മാറിയില്ലെങ്കിൽ അറസ്റ്റ് ചെയ്യുമെന്നു പറഞ്ഞയതീഷ് ചന്ദ്രയുമായി വാക്കേറ്റം നടന്നു. ഒരു മണിക്കൂറോളം റോഡ് ഉപരോധിച്ച നേതാക്കളെ അറസ്റ്റ് ചെയ്യാതിരുന്നതോടെ എല്ലാവരും കെ.എസ്.ആർ.ടി.സി ബസിൽ കയറിയാണ് പമ്പയിലെത്തിയത്.

ജില്ലാ ഭരണകൂടം പ്രഖ്യാപിച്ചിരിക്കുന്ന നിരോധനാജ്ഞ ലംഘിക്കാൻ യു.ഡി.എഫ് സംഘം പമ്പയിൽ എത്തിയപ്പോൾ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ആർ.എസ്.പി എം.പി എൻ.കെ. പ്രേമചന്ദ്രൻ, മുസ്ലിംലീഗ് നേതാവ് എം.കെ. മുനീർ എം.എൽ.എ, ഫോർവേഡ് ബ്ലോക്ക് നേതാവ് ദേവരാജൻ, ആന്റോ ആന്റണി എം.പി തുടങ്ങിയവർ നേതൃത്വം നൽകുന്നു. ഫോട്ടോ: സന്തോഷ് നിലയ്ക്കൽ

സിക്ക് കൂട്ടക്കൊലയിൽ ആദ്യ വധശിക്ഷ

മഹാരാഷ്ട്ര ആയുധ ഡിപ്പോയിൽ സ്ഫോടനം
പേജ് 11

തലവര

പൊലീസ് നടപടിയുണ്ടായത് പ്രശ്നക്കാർക്കെതിരെ മാത്രം: മുഖ്യമന്ത്രി

പടി കടന്ന് നടയിൽ പ്രശ്നമുണ്ടാക്കിയാൽ നടപടി...പിന്നെ നടയടി...

നിരപരാധിയെ ജയിലിലാക്കിയ
പിടിച്ചുപറിക്കേസിലെ യഥാർത്ഥ പ്രതി തെളിവുമായി അറസ്റ്റിൽ

സംഭവം ചക്കരക്കല്ലിൽ

കണ്ണൂർ: മകളുടെ കല്യാണത്തിനായി ഗൾഫിൽ നിന്നു വന്ന നിരപരാധി തടങ്കലിലാക്കപ്പെട്ട ചക്കരക്കല്ലിലെ മാല പിടിച്ചുപറിക്കേസിൽ ഒടുവിൽ യഥാർത്ഥ പ്രതി അറസ്റ്റിലായി. മാഹിക്കടുത്ത് അഴിയൂരിൽ കോടത്ത് റോഡിൽ ശരത്ത് വത്സരാജിനെ (45) കണ്ണൂർ ഡിവൈ.എസ്.പി.പി. സദാനന്ദന്റെ നേതൃത്വത്തിലുള്ള തുടരന്വേഷണസംഘമാണ് പിടികൂടിയത്. തൊണ്ടിമുതലായ അഞ്ചരപവന്റെ മാലയ്ക്കു പുറമെ പ്രതി ഉപയോഗിച്ച സ്കൂട്ടറും പൊലീസ് കണ്ടെടുത്തു.

നിരപരാധിയായ കതിരൂർ സ്വദേശി താജുദ്ദീനെ ത്രപസാദൃശ്യത്തിന്റെ പേരുപറഞ്ഞാണ് ചക്കരക്കൽ എസ്.ഐ ആയിരുന്ന ബിജു അറസ്റ്റ് ചെയ്തത്. പൊലീസിന്റെ ഈ ക്രൂരത വലിയ വിവാദത്തിന് ഇടയാക്കിയിരുന്നു. രണ്ടു മാസത്തോളം റിമാൻഡിൽ

യഥാർത്ഥ പ്രതി ശരത്ത് വത്സരാജ്

നിരപരാധിയായ താജുദ്ദീൻ

കഴിയേണ്ടി വന്ന താജുദ്ദീൻ, പൊലീസ് തന്നെ ആളുമാറി അറസ്റ്റ് ചെയ്ത് തടങ്കലിലാക്കിയതാണെന്ന് കാണിച്ച് മുഖ്യമന്ത്രിക്കു പരാതി നൽകുകയും മുസ്ലിംലീഗ് പ്രക്ഷോഭത്തിനിറങ്ങുകയും ചെയ്തതോടെയാണ് പൊലീസ് തുടരന്വേഷണത്തിന് തയ്യാറായത്. ഡിവൈ.എസ്.പി.പി. സദാനന്ദന്റെ അന്വേഷണത്തിൽ പ്രതി താജുദ്ദീനല്ലെന്നു കണ്ടെത്തി. തുടർന്ന് നടപടിയുടെ ഭാഗമായി എസ്.ഐ ബിജുവിനെ നവംബർ ഒന്നിന് കണ്ണൂർ ട്രാഫിക് വിഭാഗത്തിലേക്ക് മാറ്റി. വൈകാതെ യഥാർത്ഥ പ്രതിയെ പിടികൂടാനും കഴിഞ്ഞു.

ഓൺലൈൻ തട്ടിപ്പുകേസിൽ കുടുങ്ങി കോഴിക്കോട് ജയിലിൽ റിമാൻഡിലായ ശരത് വത്സരാജിനെ അഞ്ചു ദിവസത്തേക്ക് കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തപ്പോഴാണ് സത്യം വെളിപ്പെട്ടത്.

സി.സി ടി.വി ദൃശ്യങ്ങൾ ഡിവൈ.എസ്.പി അതിസൂക്ഷ്മമായി വിശകലനം ചെയ്തതിൽ പ്രതി സ്കൂട്ടറിൽ വള്ള ധരിച്ചതായും നെറ്റിയിൽ മുറിപ്പാടുകളുള്ളതായും കണ്ടെത്തിയിരുന്നു. ഈ സൂചനകൾ വച്ച് സംസ്ഥാനത്തെ മുഴുവൻ ക്രൈം സ്ക്വാഡുകൾക്കും വിവരം കൈമാറി. കോഴിക്കോട്ട് വഞ്ചനക്കേസിൽ റിമാൻ

എസ്.ഐ ബിജുവിന്റെ ക്രൂരത ഇങ്ങനെ
പേജ് 14

ഇന്ന് കാറ്റിനും മഴയ്ക്കും സാദ്ധ്യത

തിരുവനന്തപുരം: തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും ഇന്ത്യൻ മഹാസമുദ്രത്തിൽ ഭൂമദ്ധ്യരേഖയ്ക്കും അടുത്ത് ന്യൂനപ്രഭാവം കൊണ്ട ന്യൂനമർദ്ദം ഇന്നലെ രാത്രി 8.30 മണിയോടെ വടക്ക്കിഴക്ക് ശ്രീലങ്കയ്ക്കടുത്തേക്ക് നീങ്ങി. അടുത്ത 24 മണിക്കൂറിൽ തീവ്രത വർദ്ധിച്ച് ന്യൂനമർദ്ദമായി ന്യൂനപ്രഭാവം കൊള്ളുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ഇതുമൂലം ഇന്ന് കർണാടകയുടെയും കേരളത്തിന്റെയും തെക്കൻ ഉൾപ്രദേശങ്ങളിൽ ശക്തമായ മഴയുണ്ടാകും. ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

കടൽ ക്ഷോഭിക്കാനിടയുള്ളതിനാൽ ഇന്ന് മത്സ്യത്തൊഴിലാളികൾ കടലിലിറങ്ങരുത്.

ഇന്ന് വേർപാടിന്റെ ഒന്നാം വർഷം

കോവളം
എൻ. സുധാകരൻ (21-11-2018)
ശാന്ത. കെ (11-12-2018)
സോപാനം, വാഴമുട്ടം, പാച്ചല്ലൂർ. പി.ഒ. Mob : 8137098225
സ്നേഹ സ്മരണകളോടെ,
JEEVAN Beach Resort, Kovalam

സഞ്ചയനം നാളെ
(22.11.2018 വ്യാഴം രാവിലെ 8 മണി)

ബി. സരസ്സമ (78)
(റിട്ട. റ്റീച്ചർ, പൊന്നറ ശ്രീധർ മെമ്മോറിയൽ സ്കൂൾ, മുട്ടത്തറ)
Rajas, AVRA - 18, Aksharaveedhi, Pettah.
ഭർത്താവ്: K. Purushothaman (Retd. Deputy Registrar, University of Kerala),
മക്കൾ: Dr. P.S. Bilma (Scientific Officer, Govt. Ayurveda College, TVM), Binuraj. P.S, (Supervisor, BrahMos Aerospace, Tvpm.),
മരുമക്കൾ: Dr. T. Suresh (Retd. Professor, S.N College, Chempazhanthy), Mousmi Binuraj,
ചെറുമക്കൾ: Subi. S, (Assistant Professor, Engg. Colg., Palakkad), Gopu. P, (Assistant Manager, BEML, Kanjikode),
Dr. Reshma. S (General Hospital, TVM), Devika Raj, Gopika Raj.
കൊച്ചുമകൻ: Atharv. S. Gopu

TRUE VALUE
MARUTI SUZUKI
ഏറ്റവും മികച്ചത് സ്വന്തമാക്കുവാൻ
ഏറ്റവും മികച്ച Pre-Owned കാർ ശ്രേണി!
നിങ്ങളുടെ തൊട്ടടുത്ത True Value ഷോറൂം സന്ദർശിക്കൂ
ലഭിക്കാവുന്നതിൽ ഏറ്റവും നല്ല Pre-Owned കാർ സ്വന്തമാക്കൂ

ALTO 353 - UNITS ₹1,50,000/- Onwards
SWIFT 42 - UNITS ₹2,50,000/- Onwards
WAGONR 71 - UNITS ₹2,00,000/- Onwards
TRUE VALUE CERTIFIED CARS | HASSLE-FREE DOCUMENTATION | VERIFIED CAR HISTORY | UP TO 1 YEAR WARRANTY & 3 FREE SERVICES
For enquiry, SMS TRUE to 53636 | Call at 1800 102 1800 | Visit www.marutisuzukitruevalue.com
TRUE VALUE CERTIFIED
All new True Value at:
SOUTH PARK MOTOR Chakkai PH: 9544404438,
POPULAR VEHICLES Karamana, Killipalam PH: 9072530105, Injakkal Bye Pass 9072530098, SRIVATSA INTERNATIONAL PVT. LTD. Thiruvallam, PH: 8111834433, 8111832299, HERCULES AUTOMOBILES Vazhayila, 6th Mile PH: 8606321599, 9995867658, Jagathy PH: 90726101315
INDUS MOTORS Pongumoodu, Chenth PH: 9745997847, Venpalavattom 9745997856.